"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- കോന്നി ഡിവിഷനിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. ജി. രാജീവന് ശൂന്യവേതന അവധി അനുവദിച്ചു- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.296/2022/F&WLD — തീയതി,തിരുവനന്തപുരം, 16-07-2022.

---

പരാമർശം:-

1. 05.07.2017-ലെ സ.ഉ(പി)നം.08/2017/ഉഭപവ ഉത്തരവ്.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.03.2021-ലെ KFDHQ/1245/2021-ADMINE1 നമ്പർ കത്ത്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.02.2022-ലെ KFDHQ/1245/2021-ADMINE1 നമ്പർ കത്ത്.

**ഉത്തരവ്**

കോന്നി ഡിവിഷനിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. ജി. രാജീവന്, 28.03.2018 മുതൽ 05.10.2018 വരെ 192 ദിവസവും, 07.11.2018 മുതൽ 31.07.2020 വരെ 633 ദിവസവും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശം 2 കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. ജി. രാജീവൻ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളാണെന്നും, ടിയാൻ പിള്ളവാതവുമായി ബന്ധപ്പെട്ട അസ്വസ്ഥതകൾ കാരണം 28.03.2018-മുതൽ ശരീരം മുഴുവൻ നീര് വെച്ച് നടക്കാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നെന്നും, ചികിത്സയ്ക്കിടെ സംഭവിച്ച വാഹന അപകടത്തിൽ ഇടതുകാലിനു പരിക്കേറ്റതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, 31.07.2020-വരെ പിള്ളവാതം, അപകടം തുടങ്ങിയവ മൂലമുള്ള വൈഷമ്യങ്ങൾ കാരണം ജോലിക്ക് ഹാജരാകുവാൻ കഴിയാത്ത സാഹചര്യമായിരുന്നെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി പരാമർശം 3 കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് - ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ 240 ദിവസം വരെ മെഡിക്കൽ ആവശ്യങ്ങൾക്ക് ശൂന്യവേതന അവധി അനുവദിക്കാവുന്നതാണെന്ന് പരാമർശം 1 ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കലണ്ടർ വർഷം കണക്കാക്കിയാൽ 2018 ൽ 247 ദിവസത്തെയും, 2019 ൽ 365 ദിവസത്തെയും, 2020 ൽ 213 ദിവസത്തെയും ലീവ് ശ്രീ.ജി.രാജീവന് അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, കോന്നി ഡിവിഷനിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. ജി. രാജീവന്, 28.03.2018 മുതൽ 05.10.2018 വരെ 192 ദിവസവും, 07.11.2018 മുതൽ

31.07.2020 വരെ 633 ദിവസവും [2018 വർഷം 247 ദിവസവും, 2019 വർഷം പൂർണമായും ( 365 ദിവസവും ), 2020 -ൽ 213 ദിവസവും], കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഇളവുനൽകി, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം [ശ്രീ. ജി. രാജീവന്റെ സർവ്വീസ് ബുക്കും, അനുബന്ധ രേഖകളും സഹിതം].
ശ്രീ. ജി.രാജീവൻ [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 18-07-2022 10:29:55**
സെക്ഷൻ ഓഫീസർ